# മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ

## 04 – 08 – 2022 വ്യാഴം

## തോമാ മാർ ദീവന്നാസിയോസ് നഗർ, പത്തനാപുരം

## വിജ്ഞാപനം

2022 ആഗസ്റ്റ് മാസം 4-ാം തീയതി കൂടുന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗത്തിലെ അംഗങ്ങളുടെയും മറ്റു ബന്ധപ്പെട്ടവരുടെയും അറിവിലേക്കായി ഈ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതാകുന്നു.

**അസോസിയേഷൻ അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

**1. വോട്ടവകാശം**

ഒരു അസോസിയേഷൻ അംഗത്തിന് ഒരു സ്ഥാനത്തെ പ്രതിനിധീകരിച്ച് മാത്രമാണ് വോട്ടു ചെയ്യുവാൻ അവകാശമുള്ളത്. മാനേജിംഗ് കമ്മറ്റി അംഗങ്ങൾ പള്ളി പ്രതിപുരുഷന്മാരായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെങ്കിലും, മാനേജിംഗ് കമ്മറ്റി അംഗമെന്ന നിലയിൽ മാത്രം രജിസ്റ്റർ ചെയ്യുകയും വോട്ടു രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

മാനേജിംഗ് കമ്മറ്റിയിലെ നോമിനേറ്റ് ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾക്ക് അസോസിയേഷൻ തെരഞ്ഞെടുക്കേണ്ട ഏതെങ്കിലും സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് അവകാശമുണ്ടായിരിക്കുന്നതല്ല. അവർ രജിസ്ട്രേഷൻ നടത്തേണ്ടതാണെങ്കിലും വോട്ടേഴ്സ് ലിസ്റ്റിൽ അവരുടെ പേരുകൾ ഉണ്ടായിരിക്കുന്നതല്ല.

നോമിനേറ്റഡ് മാനേജിംഗ് കമ്മറ്റി അംഗങ്ങൾ ഇടവക പള്ളികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതാണെങ്കിൽ ഇടവക പള്ളിയെ പ്രതിനിധീകരിച്ച് വോട്ടു ചെയ്യാവുന്നതാണ്.

**2. പ്രവേശനം**

അസോസിയേഷൻ നടപടികളിൽ പങ്കെടുത്ത് വോട്ടു ചെയ്യുന്നതിനുള്ള രജിസ്ട്രേഷനും വോട്ടിംഗും പൂർണ്ണമായി ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ സഹായത്തോടെ ഓൺലൈനായി നടക്കുന്നതായിരിക്കും. അസോസിയേഷൻ യോഗത്തിലേക്കുള്ള ഓൺലൈൻ പ്രവേശനം www.mosc22.in എന്ന വെബ്സൈറ്റ് മുഖേന ആണ്. ഇന്ത്യയ്ക്ക് പുറത്തുള്ളവർക്ക് www.mosc22.org, www.mosc22.com എന്നീ സൈറ്റുകളും ഉപയോഗിക്കാവുന്നതാണ്.

**3. രജിസ്ട്രേഷൻ**

രജിസ്ട്രേഷൻ സമയം 2022 ആഗസ്റ്റ് മാസം 3-ാം തീയതി ഇന്ത്യൻ സമയം വൈകുന്നേരം 5 മണി മുതൽ 4-ാം തീയതി പകൽ 11 മണി വരെ ആയിരിക്കും. രജിസ്ട്രേഷൻ നടത്തിയവർക്കു മാത്രമേ അസോസിയേഷൻ യോഗ നടപടികൾ ദർശിക്കുവാനും വോട്ടവകാശം വിനിയോഗിക്കുവാനും സാധിക്കുകയുള്ളു. എല്ലാ അംഗങ്ങളും www.mosc22.in എന്ന വെബ്സൈറ്റിൽ (www.mosc22.org / www.mosc22.com ) പ്രവേശിച്ച് ഈ നിശ്ചിത സമയത്ത് തന്നെ രജിസ്ട്രേഷൻ പൂർത്തികരിക്കേണ്ടതാണ്. സാധാരണ മീറ്റിംഗിന് വരുമ്പോൾ ഹാളിൽ പ്രവേശിക്കുന്നതിനു മുമ്പ് ഹാജർ പുസ്തകത്തിൽ ഒപ്പിടുന്നതിനു പകരമാണ് ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നത്.

**താഴെ പറയും വിധമായിരിക്കും രജിസ്ട്രേഷൻ**

ഓരോ അംഗത്തിന്റെയും ഫോൺനമ്പർ ആണ് അയാളുടെ തിരിച്ചറിയൽ രേഖയായി പരിഗണിക്കുന്നത്. അതിനായി ഓരോരുത്തരും കാതോലിക്കേറ്റ് ഓഫീസിൽ നൽകിയിട്ടുള്ള മൊബൈൽ ഫോൺ നമ്പർ അന്നേദിവസം പ്രവർത്തന സജ്ജമായിരിക്കണം. ഇതിനകം ചുമതലപ്പെട്ടവർ നിങ്ങളെ വിളിച്ച് ഫോൺ നമ്പറും ഇ-മെയിൽ വിലാസവും തിട്ടപ്പെടുത്തിക്കാണുമെന്ന് വിശ്വസിക്കുന്നു. ഇന്റർനെറ്റ് കണക്ഷനുള്ള ഒരു ലാപ്പ്ടോപ്പ് , കമ്പ്യൂട്ടർ, ഐ. പാഡ്, ഐ. ഫോൺ, ടാബ്ലറ്റ്, ആൻഡ്രോയിഡ് മൊബൈൽ ഫോൺ, എന്നിവയിൽ ഏതെങ്കിലും ഒരു ഉപകരണം ഓൺലൈൻ വോട്ടിംഗിന് വേണ്ടി കരുതേണ്ടതാണ്. നിങ്ങൾ ആയിരിക്കുന്ന സ്ഥലത്ത് ആവശ്യമായ റേഞ്ചുള്ള ഇന്റർനെറ്റ് ബന്ധം ലഭിക്കുന്നില്ല എങ്കിൽ നല്ല റേഞ്ചുള്ള ഒരു സ്ഥലത്ത് മീറ്റിംഗിന്റെ സമയത്ത് നിങ്ങൾ ആയിരിക്കേണ്ടത് അത്യാവശ്യമാണ്.

mosc22.in എന്ന വെബ്സൈറ്റിൽ (www.mosc22.org / www.mosc22.com ) പ്രവേശിച്ച് രജിസ്ട്രേഷൻ എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. അവിടെ നിങ്ങളുടെ ഫോൺ നമ്പർ (നിങ്ങൾ ആയിരിക്കുന്ന രാജ്യത്തിന്റെ കോഡ് ഉൾപ്പെടെ), അതിനായി നൽകിയിരിക്കുന്ന കോളത്തിൽ ടൈപ്പ് ചെയ്യുക. സബ്മിറ്റ് ബട്ടണിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ നിങ്ങളുടെ മൊബൈൽ ഫോണിലേക്കും ഇ-മെയിലിലേക്കും ഒരു ഒ.റ്റി.പി (One Time Password) ലഭിക്കുന്നതാണ്.

അത് നിങ്ങൾ അവിടെ ടൈപ്പ് ചെയ്യുക. അതോടൊപ്പം നിങ്ങളുടെ കമ്പ്യൂട്ടർ സ്ക്രീനിലും ഒരു നമ്പർ (“കാപ്ച” = captcha) തെളിയും. അതും അതിനായി നൽകിയിട്ടുള്ള സ്ഥലത്ത് ടൈപ്പ് ചെയ്തശേഷം സബ്മിറ്റ്

ബട്ടണിൽ ക്ലിക്ക് ചെയ്യുമ്പോൾ നിങ്ങളുടെ വിശദാംശങ്ങൾ പേര്, ഇടവക, ഭദ്രാസനം ഇവ ഉൾപ്പെടെ കമ്പ്യൂട്ടറിൽ കാണാനാവും. അവിടെ സബ്മിറ്റ് ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ രജിസ്ട്രേഷൻ പൂർത്തിയായതായി നിങ്ങളുടെ ഫോണിലേക്കും ഇ-മെയ്ലിലേക്കും സന്ദേശം (SMS) ലഭിക്കും. ഈ സന്ദേശം ലഭിച്ചാൽ മാത്രമേ നിങ്ങളുടെ രജിസ്ട്രേഷൻ പൂർത്തീയാവുകയുള്ളൂ.

സ്വയമായി രജിസ്റ്റർ ചെയ്യുവാൻ പ്രയാസമുള്ളവർക്ക് മറ്റുള്ളവരുടെ സഹായം തേടാവുന്നതാണ്. അസോസിയേഷൻ നഗറിൽ വരുന്നവരെ സഹായിക്കുവാനുള്ള സംവിധാനങ്ങൾ അവിടെ ക്രമീകരിച്ചിട്ടുണ്ട്. 4-ാം തീയതി രാവിലെ 8 മണിമുതൽ 11 മണിവരെ ആയിരിക്കും അസോസിയേഷൻ നഗറിലെ രജിസ്ട്രേഷൻ. എല്ലാവർക്കും വൈ-ഫൈ സംവിധാനങ്ങൾ നഗറിൽ ലഭ്യമായിരിക്കും.

കൃത്യ സമയത്തിനുള്ളിൽ (2022 ആഗസ്റ്റ് മാസം 3-ാം തീയതി ഇന്ത്യൻ സമയം വൈകുന്നേരം 5 മണി മുതൽ 4-ാം തീയതി പകൽ 11 മണി വരെ) രജിസ്റ്റർ ചെയ്യാത്തവർക്ക് മീറ്റിംഗിൽ പങ്കെടുക്കുവാനോ, വോട്ടുചെയ്യുവാനോ സാധിക്കയില്ല. രജിസ്റ്റർ ചെയ്തശേഷം നിങ്ങൾക്ക് കമ്പ്യൂട്ടർ /ഫോൺ ഓഫ് ചെയ്യാവുന്നതാണ്. ആഗസ്റ്റ് മാസം 4-ാം തീയതി 12.15 ന് മീറ്റിംഗിൽ സംബന്ധിക്കുന്നതിനായി വീണ്ടും കമ്പ്യൂട്ടർ /ഫോൺ ഓൺ ചെയ്ത് നേരത്തേ സൂചിപ്പിച്ച വെബ്പേജിൽ എത്തി ലോഗിൻ ബട്ടണിൽ ക്ലിക്ക് ചെയ്ത് ഒരിക്കൽക്കൂടി ആദ്യത്തെപ്പോലെ മൊബൈൽ ഫോൺ നമ്പർ ടൈപ്പ് ചെയ്യുമ്പോൾ ലഭിക്കുന്ന ഒ. ടി. പി. അതിന്റെ സ്ഥലത്തും, കമ്പ്യൂട്ടറിൽ കാണുന്ന നമ്പർ (''കാപ്ച'') അതിന്റെ സ്ഥലത്തും ടൈപ്പ് ചെയ്യുമ്പോൾ പുതിയ ഒരു സ്ക്രീൻ ലഭിക്കും. അതിൽ **Join meeting** ബട്ടണിൽ ക്ലിക്ക് ചെയ്യുക അപ്പോൾ നിങ്ങൾക്ക് മീറ്റിംഗിൽ സംബന്ധിക്കുവാൻ ആവശ്യമായ ലിങ്ക് ലഭിക്കും. അതിൽ ക്ലിക്ക് ചെയ്താൽ അസോസിയേഷൻ യോഗ നടപടികൾ ആദ്യവസാനം നിരീക്ഷിക്കാവുന്നതാണ്.

**4. നേരിട്ട് വരുന്ന അസോസിയേഷൻ അംഗങ്ങൾക്ക്**

നേരിട്ടുവരുന്ന അസോസിയേഷൻ അംഗങ്ങൾ രാവിലെ 8 മണി മുതൽ 11 മണിവരെ അസോസിയേഷൻ നഗറിലെ പ്രവേശന കവാടത്തിലെ കൗണ്ടറിൽ അധികാരപത്രം കാണിച്ച് (ഒരു ഇടവകയിൽ നിന്നുള്ള പ്രതിനിധകൾക്കെല്ലാവർക്കും കൂടി ഒരു അധികാരപത്രം ഉള്ളതിനാൽ അവർ ഒരുമിച്ച് പ്രധാന കവാടത്തിലും, കൗണ്ടറിലും എത്തേണ്ടതാണ്) അവിടെനിന്ന് ബാഡ്ജും, ഭക്ഷണ കൂപ്പണും വാങ്ങേണ്ടതാണ്. 11 മണി മുതൽ അസോസിയേഷൻ നഗറിലെ പ്രത്യേക പന്തലുകളിൽനിന്ന് ഉച്ചഭക്ഷണം ലഭിക്കുന്നതാണ്. ഭക്ഷണ കൂപ്പണുകൾ കൗണ്ടറുകളിൽ ഏല്പിച്ച് ഭക്ഷണം കഴിച്ച് 12-ന് യോഗം നടക്കുന്ന തോമാ മാർ ദീവന്നാസിയോസ് നഗറിൽ പ്രവേശിച്ച് നിശ്ചിത സ്ഥാനങ്ങളിൽ ഉപവിഷ്ടരാകേണ്ടതാണ്.

**5. തോമാ മാർ ദീവന്നാസിയോസ് നഗറിലെ ക്രമീകരണങ്ങൾ**

പ.എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗങ്ങൾ, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ എന്നിവർ മാത്രം യോഗത്തിന് മുമ്പായുള്ള ഘോഷയാത്രയിൽ പങ്കെടുക്കുന്നതിനായി പത്തനാപുരം മൗണ്ട് താബോർ ദയറാ ചാപ്പലിൽ 12-ന് മുമ്പായി എത്തിച്ചേരേണ്ടതാണ്. ഘോഷയാത്രയുടെ ഏറ്റവും മുമ്പിലായി കാതോലിക്കേറ്റ് പതാക ഏന്തിയ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ. തുടർന്ന് അസോസിയേഷൻ സെക്രട്ടറി, വൈദിക ട്രസ്റ്റി, മെത്രാപ്പോലീത്താമാർ, കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തയുമായ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ തിരുമേനി എന്നീ ക്രമത്തിൽ സമ്മേളന നഗറിൽ പ്രവേശിക്കും. 1 മണിക്ക് യോഗനടപടികൾ ആരംഭിക്കും.

**6. തെരഞ്ഞെടുപ്പ്**

യോഗം ആരംഭിച്ച് അജണ്ടായിൽ പറഞ്ഞിരിക്കുന്ന പ്രകാരം തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചശേഷമാണ് വോട്ടെടുപ്പ് നടക്കുന്നത്. 2022 ആഗസ്റ്റ് മാസം 4-ാം തീയതി കൂടുന്ന അസോസിയേഷൻ യോഗത്തിൽ മൂന്ന് തെരഞ്ഞെടുപ്പുകളാണ് ഉള്ളത്.

1) അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയിലേക്ക് 47 വൈദികരും, 94 അയ്മേനികളും ഉൾപ്പെടെ 141 അംഗങ്ങളുടെ തെരഞ്ഞെടുപ്പ്.
2) വൈദിക ട്രസ്റ്റി തെരഞ്ഞെടുപ്പ്
3) അത്മായ ട്രസ്റ്റി തെരഞ്ഞെടുപ്പ്

## വോട്ടു ചെയ്യുന്നത് എങ്ങനെ?

**1. മാനേജിംഗ് കമ്മറ്റിയിലേക്ക് 47 വൈദികരെയും 94 അയ്മേനികളെയും തിരഞ്ഞെടുക്കുന്നതിന്.**

നിലവിലുള്ള നടപടിച്ചട്ടങ്ങൾ പ്രകാരം തെരഞ്ഞെടുപ്പ് പ്രക്രിയ ലഘൂകരിക്കുവാൻവേണ്ടി ചില ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ഓരോ മെത്രാസനത്തിൽ നിന്നും മാനേജിംഗ് കമ്മറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടേണ്ട നിശ്ചിത സംഖ്യ സ്ഥാനാർത്ഥികളെ അതതു ഭദ്രാസനം നോമിനേറ്റ് ചെയ്യുന്ന രീതിയാണ് നടപടിചട്ടങ്ങളിൽ വിവരിച്ചിരിക്കുന്നത്. അതിനായി, അസോസിയേഷൻ അംഗങ്ങളായി ഓരോ മെത്രാസനത്തിലെയും പള്ളികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പള്ളി പ്രതിനിധികളും അതതു ഭദ്രാസനങ്ങളിലെ നിലവി

ലുള്ള മാനേജിംഗ് കമ്മറ്റി അംഗങ്ങളും, മലങ്കര അസോസിയേഷൻ പ്രസിഡന്റ് നിശ്ചയിച്ച് അധികാരപ്പെടുത്തുന്ന മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ പ്രസിഡന്റ് നിശ്ചയിക്കുന്ന സ്ഥലത്തും തീയതിയിലും യോഗം ചേർന്ന് മെത്രാസനത്തിൽ നിന്ന് മാനേജിംഗ് കമ്മറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടേണ്ട നിശ്ചിത സംഖ്യ സ്ഥാനാർത്ഥികളെ, ആവശ്യമെങ്കിൽ തെരഞ്ഞെടുപ്പുനടത്തി, നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

അത്തരത്തിൽ നാമനിർദ്ദേശം ചെയ്തിട്ടുള്ള സ്ഥാനാർത്ഥികളെ കൂടാതെ മറ്റാരും അസോസിയേഷനിലേക്ക് നാമനിർദ്ദേശം സമർപ്പിച്ചിട്ടില്ല എങ്കിൽ ഭദ്രാസനങ്ങളിൽ നിന്നുള്ള നാമനിർദ്ദേശങ്ങൾ മലങ്കര അസോസിയേഷൻ യോഗം അംഗീകരിച്ച് തെരഞ്ഞെടുത്തതായി അസോസിയേഷൻ പ്രസിഡന്റ് പ്രഖ്യാപിക്കും.

**2. വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി സ്ഥാനത്തേക്ക് ഓരോരുത്തരെ തെരഞ്ഞെടുക്കുന്നതിന്**

പ. ബാവാതിരുമേനി തെരഞ്ഞടുപ്പ് പ്രഖ്യാപിച്ച ശേഷം വോട്ടിംഗിന് വേണ്ടി നിങ്ങൾ mosc22.in എന്ന സൈറ്റിൽ (www.mosc22.org / www.mosc22.com) വീണ്ടും പ്രവേശിക്കുക. ലോഗിൻ ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ ഫോൺ നമ്പറിലേക്കോ ഇ മെയ്ലിലേക്കോ ലഭിക്കുന്ന ഒ.റ്റി.പി, "കാപ്ച" എന്നിവ അവിടെ ടൈപ്പ് ചെയ്ത് സബ്മിറ്റ് ചെയ്യുമ്പോൾ ലഭിക്കുന്ന പേജിൽ Start voting എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. അപ്പോൾ വൈദിക ട്രസ്റ്റി സ്ഥാനത്തേക്കുള്ള 3 സ്ഥാനാർത്ഥികളുടെ പേരുകൾ മുകളിലായും, അത്മായ ട്രസ്റ്റി സ്ഥാനത്തേക്കുള്ള 4 സ്ഥാനാർത്ഥികളുടെ പേരുകൾ താഴെയും, അക്ഷരമാല ക്രമത്തിൽ എഴുതിയിട്ടുള്ള ഒരു ഇലക്ട്രോണിക് ബാലറ്റ് ഷീറ്റ് കാണാം. നിങ്ങൾ വോട്ട് ചെയ്യുവാൻ ആഗ്രഹിക്കുന്ന വൈദിക ട്രസ്റ്റി സ്ഥാനാർത്ഥിയുടെയും, അത്മായ ട്രസ്റ്റി സ്ഥാനാർത്ഥിയുടെയും പേര് ഉൾപ്പെടുന്ന ബോക്സിൽ ക്ലിക്ക് ചെയ്താൽ അതിന്റെ നിറം മാറും. ഇങ്ങനെ ഓരോരുത്തർക്കായി വോട്ട് ചെയ്യാം. പേരുകൾക്ക് താഴെയുള്ള സബ്മിറ്റ് ബട്ടണിൽ ക്ലിക്ക് ചെയ്തു കഴിയുമ്പോൾ നിങ്ങൾ തെരഞ്ഞെടുത്ത വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി സ്ഥാനാർത്ഥികളുടെ പേരുൾപ്പെടുന്ന ഒരു പേജ് കാണിക്കും. അവിടെ Confirm ബട്ടൺ ക്ലിക്ക് ചെയ്ത് വോട്ട് രേഖപ്പെടുത്താം. ഇങ്ങനെ വോട്ടിംഗ് പ്രക്രിയ പൂർത്തിയാകും. അപ്പോൾ നിങ്ങളുടെ ഫോണിലേക്കും, ഇ മെയിലിലേക്കും വോട്ട് രേഖപ്പെടുത്തിയെന്ന സന്ദേശം ലഭിക്കും.

നിങ്ങൾക്ക് മീറ്റിംഗിന്റെ ബട്ടൺ വീണ്ടും അമർത്തി ഫലപ്രഖ്യാപനത്തിനായി കാത്തിരിക്കയോ, നിങ്ങളുടെ കംപ്യൂട്ടർ ഓഫ് ചെയ്ത് ഫലപ്രഖ്യാപനത്തിന് മുമ്പ് വീണ്ടും പഴയതുപോലെ ലോഗിൻ ചെയ്ത് ഫലപ്രഖ്യാപനം കാണുകയോ ചെയ്യാം. നേരത്തേതന്നെ പ്രഖ്യാപിച്ചിട്ടുള്ള സമയത്തുമാത്രമേ ഫലപ്രഖ്യാപനം നടത്തുകയുള്ളു. എല്ലാവരും സമയത്തിനു മുമ്പേ വോട്ടു ചെയ്തുകഴിഞ്ഞാൽപ്പോലും നേരത്തേ പ്രഖ്യാപിച്ച സമയത്തുമാത്രമേ ഫലപ്രഖ്യാപനം നടത്തുകയുള്ളു. വോട്ടിഗിനായി നൽകുന്ന സമയം അവസാനിച്ചാൽ പിന്നീട് ആർക്കും വോട്ട് ചെയ്യാനാവില്ല.

**വിദേശത്തുള്ളവർ പ്രത്യേകം ശ്രദ്ധിക്കുക.** ഈ അസോസിയേഷൻ സംബന്ധിക്കുന്ന ഒ. ടി. പി കളും മറ്റു സന്ദേശങ്ങലും വിദേശത്തുള്ളവർക്ക് ഇ മെയ്ൽ വഴി മാത്രമായിരിക്കും ലഭിക്കുക. വിദേശത്തുള്ളവർക്ക് SMS വഴി ഈ അസോസിയേഷനോട് ബന്ധപ്പെട്ട ഒരു സന്ദേശവും ലഭിക്കുന്നതല്ല. എല്ലാ വിവരങ്ങലും ഇമെയ്ൽ വഴി മാത്രമായിരിക്കും,

## സ്ഥാനാർത്ഥികളുടെ വിജയം നിർണ്ണയിക്കുന്നതെങ്ങനെ?

എല്ലാവരുടെയും വോട്ടിംഗ് പൂർത്തിയായി കഴിയുമ്പോൾ ഫലം അറിയുന്നതിന് പരി. കാതോലിക്കാബാവാ തിരുമേനിക്കും, മുഖ്യവരണാധികാരിക്കും മാത്രമേ സാധിക്കുകയുള്ളു. അവരുടെ കൈവശമുള്ള പാസ് വേർഡ് ഉപയോഗിച്ച് ഫലം രേഖപ്പെടുത്തിയിരിക്കുന്ന "വിൻഡോ" തുറന്ന് പരി. കാതോലിക്കാബാവാ തിരുമേനി ഫലം പ്രഖ്യാപിക്കുന്നതായിരിക്കും.

കൈമാറ്റം ചെയ്യാൻ പറ്റാത്ത ഒറ്റവോട്ട് സമ്പ്രദായമാണ് നിലവിലുള്ളത്. കേവല ഭൂരിപക്ഷം ലഭിക്കുന്ന (ഏറ്റവും കൂടുതൽ വോട്ടു ലഭിക്കുന്ന) ആൾ വിജയിക്കും. കൂടുതൽ വോട്ട് ഒന്നിലധികംപേർക്ക് തുല്യമായി ലഭിച്ചാൽ നറുക്കെടുപ്പിലൂടെ വിജയിയെ നിശ്ചയിക്കുന്നതാണ്.

ആര് ആർക്ക് വോട്ടു ചെയ്തു എന്ന് ഒരു സ്ഥലത്തും രേഖപ്പെടുത്തിവയ്ക്കുന്നില്ല. എല്ലാം കോഡുകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്നതിനാൽ അവസാന ഫലം, അതിന്റെ പാസ്വേർഡ് കൈയിലുള്ള പ.ബാവാ തിരുമേനിക്കും മുഖ്യവരണാധികാരിക്കും മാത്രമേ കാണാനാവു. തികച്ചും സുതാര്യവും കുറ്റമറ്റതുമായ സോഫ്റ്റ് വെയർ ആണ് ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഇപ്രകാരമൊരു യോഗനടത്തിപ്പിനും വോട്ടിംഗിനും തയ്യാറാക്കിയിരിക്കുന്നത്.

**സാങ്കേതിക സഹായങ്ങൾക്ക്: Phone Numbers-8590137001, 8590137002, 8590137003, 8590137004, 8590137005, 8590137006, 8590137007, 8590137008, 8590137009, 8590137010 Email Id : help@mosc22.in**

കാതോലിക്കേറ്റ് ഓഫീസ്
ദേവലോകം, കോട്ടയം 686004.
25-07-2022

**അഡ്വ. ബിജു ഉമ്മൻ**
അസോസിയേഷൻ സെക്രട്ടറി